# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വേലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എടിഎസ്ആർ(പി15)1741/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 30/11/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എടിഎസ്ആർ(പി15)1741/2023 തീയ്യതി: 30/11/2023

# തൃശ്ശൂർ ജില്ലയിലെ വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 17-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 17-10-2023 | 26-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-10-2023 | 26-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബേബി പി.വി., ഓഡിറ്റ് ഓഫീസർ
ഹണി കെ.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുമ വി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
അനീറ്റ ഡൊമിനിക്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷോബി ടി. ആർ. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ജോസഫ് ടി. കെ. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാധാകൃഷ്ണൻ കെ. കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| രശ്മി പി. സി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തയ്യൂർ സർക്കിൾ) | 01-04-2022 | 31-03-2023 |
| ഗ്ലോറിയ ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വേലൂർ സർക്കിൾ) | 01-04-2022 | 31-03-2023 |
| അഞ്ജന ആർ. പി. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ലീജ എം. വി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ടോണി ജോസഫ് | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഗിനിക പി. ഡി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| സിജി ജോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 07-10-2022 |
| ഷൈന എൻ. ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 08-10-2022 | 31-03-2023 |
| ഡോ. ദീപ | ദീപമെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. ജോമി ജോൺ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ചെക്കുകൾ ക്യാഷ് ചെയ്തിട്ടില്ല | 1-1-3 |
| 5 | കാലാവധി കഴിഞ്ഞ ചെക്കുകൾ "Liability In Respect Of Stale Cheque"എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല | 1-1-4 |
| 6 | ബാങ്കിൽ നിന്നും നേരിട്ട് ഡെബിറ്റ് ചെയ്ത തുക പരിശോധിക്കേണ്ടതാണ് | 1-1-5 |
| 7 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-6 |
| 8 | വസ്തു നികുതി -തൻവർഷം റെസിഡൻഷ്യൽ -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | വസ്തു നികുതി -കുടിശ്ശിക-റെസിഡൻഷ്യൽ -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | വസ്തു നികുതി -കുടിശ്ശിക-നോൺ-റെസിഡൻഷ്യൽ -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ലൈബ്രറി സെസ്സ് - വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-11 |
| 13 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-12 |
| 14 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-13 |
| 15 | വരവ് രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ACR എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-15 |
| 17 | അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചു | 1-1-16 |
| 18 | പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് ചെയ്തു | 1-1-17 |
| 19 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-18 |

| | | |
|---|---|---|
| 20 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-19 |
| 21 | "Prior Period Item"-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-20 |
| 22 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല | 1-1-21 |
| 23 | ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല | 1-1-22 |
| 24 | ഇൻവെസ്റ്റ്മെന്റ് - വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-23 |
| 25 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-24 |
| 26 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-25 |
| 27 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് വിനിയോഗിച്ച് ചെയ്ത മൂലധനപ്രവൃത്തികൾ/ആസ്തി സൃഷ്ടിക്കൽ എന്നിവയ്ക്ക് തത്തുല്യമായ തുക " Capital Contribution" ലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-26 |
| 28 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | 1-1-27 |
| 29 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-28 |
| 30 | ബജറ്റ് | 1-2 |
| 31 | ഫണ്ട് വിനിയോഗം | 1-3 |
| 32 | പദ്ധതി അവലോകനം | 1-4 |
| 33 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 34 | ക്ഷേമപെൻഷനുകൾ | 1-6 |
| 35 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 36 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 37 | ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം | 1-9 |
| 38 | ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലനിർണയം നടത്തിയിരിക്കുന്നു | 1-10 |
| 39 | ഒരേ റോഡിനെ വ്യത്യസ്ത വീതിയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിശ്ചയിച്ചിരിക്കുന്നു | 1-11 |
| 40 | അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ പൂർണ്ണമല്ല | 1-12 |
| 41 | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല | 1-13 |
| 42 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 43 | ഫാം ലൈസൻസ് എടുത്തിട്ടില്ല | 1-15 |
| 44 | മരുന്ന് ലഭ്യമായിട്ടില്ല | 1-16 |

| | | |
|---|---|---|
| 45 | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ് | 1-17 |
| 46 | ഭവനനിർമ്മാണം, റിപ്പയർ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല. | 1-18 |
| 47 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-19 |
| 48 | ഗുണഭോക്തൃവിഹിതം വെറ്ററിനറി സർജന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിരിക്കുന്നു | 1-20 |
| 49 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ പ്രവൃത്തി സംബന്ധമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-21 |
| 50 | ബി.ആർ.സി. കെട്ടിട നിർമ്മാണം ഫൈനൽ ബില്ല്, പൂർത്തീകരണ സാക്ഷ്യ പത്രം,ഫൈൻ ഈടാക്കിയ വിവരങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല. | 1-22 |
| 51 | അമൃതം ഫുഡ് സപ്ലിമെന്റ് - ഉത്പന്ന വിതരണക്കാരിൽ നിന്നും ജിഎസ്റ്റി ടിഡിഎസ് ഈടാക്കിയിട്ടില്ല | 1-23 |
| 52 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്- അപാകങ്ങൾ | 1-24 |
| 53 | കൈപ്പറ്റ് രസീത്, വിനിയോഗവിവരം എന്നിവ ലഭ്യമായിട്ടില്ല | 1-25 |
| 54 | ഡെപ്പോസിറ്റ് പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 1-26 |
| 55 | അസിസ്റ്റന്റ് സെക്രട്ടറിയുടെ ചുമതലയിൽപ്പെട്ട പദ്ധതികൾ സെക്രട്ടറി നിർവഹണം നടത്തി. | 1-27 |
| 56 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി -- അടിസ്ഥാനരേഖകൾ ഇല്ല | 1-28 |
| 57 | ചെലവുരേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-29 |
| 58 | ബെയ്‌ലിംഗ് മെഷീൻ പ്രവർത്തിക്കുന്നില്ല | 1-30 |
| 59 | ധനസഹായം കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-31 |
| 60 | ബാലസഭ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക ചെലവഴിച്ചു. | 1-32 |
| 61 | വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി) പ്രൊജക്റ്റ് -- ജാതി തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് വേലൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27-07-2023 ലെ 1(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 31-07-2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വേലൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി : 30.11.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

(ഓഡിറ്റ് എൻക്വയറി നം. 18/25.10.2023)

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5466329/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 25803690/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.
(ഓഡിറ്റ് എൻക്വയറി നം. 18/25.10.2023)

## 1-1-3 ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ചെക്കുകൾ ക്യാഷ് ചെയ്തിട്ടില്ല

വേലൂർ സർവീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിന്റെ 2023 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം Cheques Deposited But Not Credited എന്നയിനത്തിൽ കാണുന്ന ഡെപ്പോസിറ്റ് ചെയ്ത് ദീർഘകാലമായിട്ടും കളക്ഷൻ ആവാത്ത ചെക്കുകളുടെ വിവരം താഴെ ചേർക്കുന്നു.

| വൗച്ചർ നം. | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|
| 11516400001 | 28/04/15 | 59536 | 24/03/15 | 1250 |
| 31700392 | 20/03/18 | Saankhya Contra | 20-03-2018 | 8340 |

ഡെപ്പോസിറ്റ് ചെയ്ത് ദീർഘകാലമായിട്ടും കളക്ഷൻ ആകാത്തതിന്റെ കാരണം പരിശോധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 18/25.10.2023)

## 1-1-4 കാലാവധി കഴിഞ്ഞ ചെക്കുകൾ "Liability In Respect Of Stale Cheque"എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ "Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)).
SIB FFC E-gram Velur( 0094053000022328 ) --- 17224/- രൂപയുടെ ചെക്കുകൾ (ചെക്ക് നമ്പർ 113205 / 27-09-2022).
ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.28/ 26.10.2023)

## 1-1-5 ബാങ്കിൽ നിന്നും നേരിട്ട് ഡെബിറ്റ് ചെയ്ത തുക പരിശോധിക്കേണ്ടതാണ്

താഴെ കൊടുത്തിട്ടുള്ള അക്കൗണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം “Directly Debited By Bank” എന്ന ഇനത്തിലെ തുകയും കൂടി ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് | Directly Debited By Bank |
|---|---|---|
| 1 | SIB FFC E-gram Velur (0094053000022328) | 16667 |

| | | |
|---|---|---|
| 2 | SIB Own Fund VELUR (0094053000021576) | 9380 |
| 3 | SBT E-paymt 8446 KECHERY (67394478446 ) | 22229 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ് .

(ഓഡിറ്റ് എൻക്വയറി നം.28/ 26.10.2023)

## 1-1-6 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

CFC Untied Basic Grant, CFC Tied Grant, Development Fund - General, Maintenance Fund - Road Assets, Maintenance Fund - Non-Road Assets എന്നീ ഫണ്ടുകളിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പ്രവർത്തികൾക്കായി ചിലവഴിച്ച തുകകൾ തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുക സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം | ഫണ്ടിനം |
|---|---|---|---|---|---|---|
| 1 | 195/23 Souhridha Road Ward 17 | 42201620/ 08.03.2023 | 550,000 | 252110004-Roads -Concreting | ഉചിതമായ ആസ്തി ശീർഷകം. | Development Fund - General |
| 2 | 19/23 Thattan Road Ward 1 | 42201635/ 15.03.2023 | 475,000 | 252110004-Roads -Concreting | ഉചിതമായ ആസ്തി ശീർഷകം | |
| 3 | 20/23 Thayyur Al Ground MLA Link Road) | 42201636/ 15.03.2023 | 175,000 | 252110004-Roads -Concreting | ഉചിതമായ ആസ്തി ശീർഷകം | |
| 4 | 220/23 Vazhappilly Road Waed 12 | 42201673/ 21.03.2023 | 207,297 | 252110004-Roads-Concreting | ഉചിതമായ ആസ്തി ശീർഷകം | |

| | | | | | |
|---|---|---|---|---|---|
| 5 | 214/23 Kundukadu Parakkadavu Road W4) | 42201701/ 28.03.2023 | 353,307 | 252110004-Roads-Concreting | ഉചിതമായ ആസ്തി ശീർഷകം |
| 6 | 219/23 Kadodi Padam Road W 10) | 42201704/ 28.03.2023 | 283,167 | 252110004-Roads-Concreting | ഉചിതമായ ആസ്തി ശീർഷകം |
| 7 | 241/23 Thamarthiruthi Sc Colony Road Second Reach) | 42201708/ 28.03.2023 | 281,831 | 252110004-Roads-Concreting | ഉചിതമായ ആസ്തി ശീർഷകം |
| 8 | 215/23 Kandamkulangara Sivakshethram Road W 14) | 42201709/ 28.03.2023 | 330,556 | 252110004 -Roads-Concreting | ഉചിതമായ ആസ്തി ശീർഷകം |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2023-24 സാമ്പത്തികവർഷത്തിൽ “Prior Period Expenditure” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. കൂടാതെ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക “Prior Period Income” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ “Capital Contribution....” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 28/26.10.2023)

1-1-7 വസ്തു നികുതി -തൻവർഷം റെസിഡൻഷ്യൽ -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി

പരിഹരിക്കേണ്ടതാണ്.

<u>തൻവർഷം</u> – റെസിഡൻഷ്യൽ

| | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3141881 | 28042 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3131956<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | 37479<br>( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) |

(ഓഡിറ്റ് എൻക്വയറി നം.18/ 25.10.2023)

## 1-1-8 വസ്തു നികുതി -കുടിശ്ശിക-റെസിഡൻഷ്യൽ -വാർഷികകണക്കം, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

കുടിശ്ശിക -റെസിഡൻഷ്യൽ

| | ഡിമാന്റ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5763 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം * | 2072<br>(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(2002+174)/105*100 |

(ഓഡിറ്റ് എൻക്വയറി നം.18/ 25.10.2023)

## 1-1-9 വസ്തു നികുതി -കുടിശ്ശിക-നോൺ-റെസിഡൻഷ്യൽ -വാർഷികകണക്കം, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 51367 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം * | 51380<br>(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(32531+21418)/105*100 |

(ഓഡിറ്റ് എൻക്വയറി നം.18/ 25.10.2023)

## 1-1-10 ലൈബ്രറി സെസ്സ് - വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

1) തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 257092 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 257358 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 261340 രൂപയാണ്.

2) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 96795/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 4609/- (96795/105X5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 4626/-രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 18/25.10.2023)

## 1-1-11 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ വേലൂർ ഗ്രാമപഞ്ചായത്തിൽ 340 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം (31.03.2023-ൽ) രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

“സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 18/25.10.2023)

## 1-1-12 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ),

(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3) ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

4) വാടക ഡിമാന്റ് രജിസ്റ്റർ

5) പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

(ഓഡിറ്റ് എൻക്വയറി നം.18/ 25.10.2023)

## 1-1-13 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

2. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, പെർമ്മിറ്റ് രജിസ്റ്റർ എന്നിവയിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 18/25.10.2023)

## 1-1-14 വരവ് രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. (വസ്തു നികുതി ഒഴികെ)

| ഇനം | | ഡിമാന്റ് (I-1/I-4) | കളക്ഷൻ (RP-45) | മുൻകൂർ ക്രമീകരിച്ചത് (RP-35/B-9) | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|---|
| ലൈസൻസ് | രജിസ്റ്റർ പ്രകാരം | 310585 | 310585 | 0 | - | 0 |
| | വാർഷിക കണക്ക് പ്രകാരം | 310585 | 119400 | 346285 | - | 0 |
| തൊഴിൽ നികുതി-ട്രേഡേഴ്സ് | രജിസ്റ്റർ പ്രകാരം | 324020 | 324020 | 0 | - | 0 |
| | വാർഷിക കണക്ക് പ്രകാരം | 356520 | 81460 | 270700 | - | 0 |

## 1-1-15 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ACR എഴുതി സൂക്ഷിച്ചിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ACR എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 18/25.10.2023)

## 1-1-16 അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചു

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 2164 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior Period Items” എന്ന നോമിനൽ അക്കൗണ്ട്

പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക്ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 42201752 | 31.03.2023 | 1134 |

നോൺ-റെസിഡൻഷ്യൽ

| ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 42201753 | 31.03.2023 | 1030 |

(ഓഡിറ്റ് എൻക്വയറി നം. 18/25.10.2023)

## 1-1-17 പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് ചെയ്തു

2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വാടക പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ വാടക ഒറ്റത്തവണയായി ഡിമാന്റ് - ജേണൽ എൻട്രികൾ മുഖേന ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 23196 | 31.03.2023 | 42201801 |

(ഓഡിറ്റ് എൻക്വയറി നം.18/ 25.10.2023)

## 1-1-18 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 18/25.10.2023)

1-1-19 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച് ) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 18/25.10.2023)

1-1-20 "Prior Period Item"-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18,ഐ-19) പ്രകാരം “190000000-Prior Period Income”, “290000000- Prior Period Expenditure” എന്നീ ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101- Prior Period Income-Property Tax | -470997 (22 രൂപ ജേണൽ വൗച്ചർ മുഖേന വരുമാനമായി ക്രമീകരിച്ചിരിക്കുന്നു) |
| 190200401 - Prior Period Income- Other Incomes | -696814 (14936 രൂപ ജേണൽ വൗച്ചർ മുഖേന വരുമാനമായി ക്രമീകരിച്ചിരിക്കുന്നു) |

(ഓഡിറ്റ് എൻക്വയറി നം.18/ 25.10.2023)

1-1-21 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനഃക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 18/25.10.2023)

1-1-22 ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല

1/4/2022 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ 26/7/11 പ്രകാരം നിർവ്വചിച്ച അക്കൗണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ

ചേർത്തിരിക്കുന്നു. ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

31/3/2022 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു. ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

1-1-23 ഇൻവെസ്റ്റ്മെന്റ് - വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം ഇൻവെസ്റ്റ്മെന്റുകൾ ഇല്ല. എന്നാൽ തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ 1000/- രൂപയുടെ ഷെയർ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടി നിക്ഷേപം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 18/25.10.2023)

1-1-24 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ, ചെലവഴിക്കാൻ 31/3/23ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320200104 | Development Fund - Central Finance Commission Grant - Basic Tax Grant | 3,821,476 | 450210101 | SIB FFC E-gram-(0094053000022328) | 6,733,063 |
| | 320200113 | Development Fund - Central Finance Commission Grant – Tied Fund | 7,624,201 | | | |

(ഓഡിറ്റ് എൻക്വയറി നം. 18/25.10.2023)

1-1-25 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 450210101 | IOB Jal Jeevan Mission-( 240301000005123) | 730,530 |
| 2 | 450210101 | Kerala Gramin Bank - BhavanaNidhi-( 40739101007170) | 5717 |
| 3 | 450210102 | Other Co-operative Bank-( 102100010004640)-Literacy | 12936 |
| 4 | 450210102 | Other Co-operative Bank-( 102100010007310) - Distress Relief Fund | 37,744 |

മേൽ പരാമർശിച്ച അക്കൗണ്ടിലെ തുകകൾ 2023-24 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതയായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 18/25.10.2023)

## 1-1-26 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് വിനിയോഗിച്ച് ചെയ്ത മൂലധനപ്രവൃത്തികൾ/ആസ്തി സൃഷ്ടിക്കൽ എന്നിവയ്ക്ക് തത്തുല്യമായ തുക " Capital Contribution" ലേയ്ക്ക് മാറ്റിയിട്ടില്ല

31/3/2022 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം "Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2023 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട്, കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവ ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.
(ഓഡിറ്റ് എൻക്വയറി നം. 18/25.10.2023)

## 1-1-27 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 166344762 |
| ആകെ ചെലവ് (B) | | 158250301 |
| മിച്ചം തുക C= A-B | | 8094461 |
| Prior Period Income (I-19) | -1118491 | |
| Prior Period Expenditure (I-18) | 0 | |
| Net Difference Between Prior Period Income And Expenses ( D ) | | -1118491 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | 6975970 |

എന്നാൽ ഫോർമുല പ്രകാരം (I-18)- (I-19) എന്നും (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ D=-1118491 എന്നും E എന്നത് 8094461 ൽ നിന്നും -1118491 കുറച്ചപ്പോൾ ലഭിച്ച 9212952 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. 31/3/23 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ 6975970 രൂപ തന്നെയാണ്.

| | |
|---|---|
| 31/3/22 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 50875502 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | 6975970 |
| 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ വരേണ്ട നീക്കിയിരിപ്പ് | 57851472 |

(ഓഡിറ്റ് എൻക്വയറി നം. 18/25.10.2023)

## 1-1-28 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.
(ഓഡിറ്റ് എൻക്വയറി നം. 18/25.10.2023)

## 1-2 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 22.03.2022 | 1 | 288665000 | 298070000 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | വരവ് | ചെലവ് |
|---|---|---|---|
| 18.03.2023 | 1 | 297799612 | 265050803 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 28161000 | 28161000 | 24782266 | 3378734#* |
| വികസന ഫണ്ട്- എസ്.സി.പി | 0 | 8521000 | 8521000 | 7626213 | 894787* |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 19690000 | 19690000 | 11222945 | 8467055* |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5235000 | 5235000 | 5096063 | 138937* |
| സെൻട്രൽ ഫിനാൻസ് ബാങ്ക് | 2945201 | 4679000 | 7624201 | ## | ## |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് CFC TIED | ട്രഷറി | 0 | 627356 | 627356 | ## | ## |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് CFC UNTIED | ബാങ്ക് | 535016 | 3119000+ 167460(പലിശ) =3286460 | 3821476 | ## | ## |
| | ട്രഷറി | 0 | 311803 | 311803 | ## | ## |
| HEALTH GRANT (DIAGOSTIC Infrastructure To PHC) | | 0 | 254574 | 254574 | 127287 | 127287** |
| HEALTH GRANT (WELLNESS) | | 0 | 59987 | 59987 | 0 | 59987** |
| National Health Mission | | 0 | 580306 | 580306 | 580306 | 0 |
| National Horticultural Mission | | 56293 | 0 | 56293 | 0 | 56293** |
| Other Schemes | | 2070 | 0 | 2070 | 0 | 2070** |
| TSC | | 2069917 | 0 | 2069917 | 0 | 2069917** |
| Funds For Pandemic/Epidemic Control | | 1937190 | 0 | 1937190 | 0 | 1937190** |
| ICDS | | 590240 | 1057650 | 1647890 | 0 | 1647890** |
| Literacy Scheme Grant | | 12379 | 0 | 12379 | 0 | 12379** |
| Grant From Suchitva Mission | | 649204 | 187711 | 836915 | 187711 | 649204** |
| Other Liabilities | | 14682 | 0 | 14682 | 0 | 14682** |
| Grants For Specific Purposes -Other Than DVP Fund And State Sponsored – Grant For Solid Waste Management | | 9000 | 0 | 9000 | 0 | 9000** |
| Grants For Specific Purposes -Other Than DVP Fund And State Sponsored – Grant For Drinking Water | | 0 | 730654 | 730654 | 124 | 730530** |

| | | | | | |
|---|---|---|---|---|---|
| Schemes | | | | | |
| Grants Other Than DVP Fund And State Sponsored – Other Purposes | 30406 | 0 | 30406 | 0 | 30406** |
| Grants For Specific Purposes -Other Government Agencies-Total Sanitation | 408805 | 0 | 408805 | 0 | 408805** |
| Grants For Specific Purposes -Other Govt Agencies | 1301623 | 5393333 | 6694956 | 6331445 | 363511** |
| Grants For Specific Purposes- Other Financial Institutions | 391038 | 0 | 391038 | 0 | 391038** |
| Grants For Specific Purposes- Welfare Bodies- Capital | 6816 | 0 | 6816 | 0 | 6816** |
| Other Grants For Specific Purposes- Capital | 5000 | 0 | 5000 | 0 | 5000** |

കുറിപ്പ് – 1) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) #വികസന ഫണ്ട്-ജനറൽ ഇനത്തിൽ 393918/- രൂപയുടെ ക്യൂ ബിൽ വന്നിട്ടുണ്ട്. അതിനാൽ ACR ലെ ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

3) ##ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം സി.എഫ്.സി ഗ്രാന്റിനത്തിൽ 5356073/- രൂപ ( 3959913/- (CFC - Tied) + 1396160/- (CFC Untied)) ചെലവുണ്ട്. എന്നാൽ Income & Expenditure പത്രിക പ്രകാരം 395099/- രൂപ മാത്രമാണ് ചെലവ് രേഖപ്പെടുത്തിയത്. കൂടാതെ 320200104- Development Fund - Central Finance Commission Grant - Basic Tax Grant , 320200113 - Development Fund – Central Finance Commission Grant – Tied Fund ബാധ്യതാശീർഷകത്തിൽ തൻവർഷം ചെലവ് ചെയ്തതിന്റെ ബാധ്യതകൾ കുറവ് ചെയ്തിട്ടില്ല. ബാങ്ക് ബുക്ക്, ലെഡ്ജർ എന്നിവ പ്രകാരം സി.എഫ്.സി ഗ്രാന്റിന്റെ ടൈഡ്, അൺടൈഡ് എന്നിവ വേർതിരിച്ച് ലഭ്യമല്ലാത്തതിനാൽ ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചേർത്തിട്ടില്ല.

4) പ്രത്യേകോദ്ദേശ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5)ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം സോഴ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 213 | 130016540 | 150 | 66906395 | 51.46 | 70.42 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10 | 1133893 | 1133903 | 499638 | 634265 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് + മെറ്റിരീയൽ കോസ്റ്റ് | 0 | 26256901 | 26256901 | 26256901 | 0 |
| ആകെ | 10 | 27390794 | 27390804 | 26756539 | 634265 |

വാർഷികകണക്കിലെ I & E ഷെഡ്യൂൾ I-14(F) പ്രകാരം ഭരണചെലവുകളുടെ ചെലവ് തുക ₹498068/- രൂപയാണ്. 1570/- രൂപയുടെ വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-6 ക്ഷേമപെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5005600 | 3249 |
| വിധവാപെൻഷൻ | 14450000 | 9181 |
| വാർദ്ധക്യകാലപെൻഷൻ | 27808200 | 18400 |
| വികലാംഗപെൻഷൻ | 4456600 | 2864 |
| 50 വയസ്സിന് മേൽ പ്രായം ഉള്ള അവിവാഹിതിരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2304600 | 1490 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 360000 | 12 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2023 തീയതിയിൽ 3pm ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21365/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം

### ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

വേലൂർ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പ്രകാരം പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ, ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, പൊളിഞ്ഞു പോയ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകുന്നതിനുള്ള അപേക്ഷകൾ മുതലായവയിൽ തീരുമാനമെടുക്കുന്നതുമായി ബന്ധപ്പെട്ട

അജണ്ടകളാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളുടെ മിനിട്ട്സ് പ്രകാരം കാണുന്നത്. 09.05.2022 ലെ യോഗത്തിൽ പഞ്ചായത്തിലെ മുഴുവൻ ലൈസൻസുകളും ഉറപ്പാക്കുന്നതിന് നിർദ്ദേശിച്ചതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റ് നിർദ്ദേശങ്ങളൊന്നും ഇല്ല. നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല. സെക്രട്ടറിയുടെ 03/01/2023 ലെ 01/2023 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം ഉദ്യോഗസ്ഥർക്ക് നികുതി പിരിവിനായി പ്രത്യേകം ടാർഗറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നിലവിൽ നടത്തി വരുന്നില്ല.ഗ്രാമസഭകളിൽ നികുതി പിരിവിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താറുണ്ട്.

ബജറ്റും യഥാർത്ഥവരവുമായുള്ള താരതമ്യം താഴെ ചേർക്കുന്നു

| ഇനം | ബജറ്റ് | റിവൈസ്ഡ് ബജറ്റ് | വാർഷിക ധനകാര്യപത്രിക |
|---|---|---|---|
| വസ്തുനികുതി | 70,00,000 | 70,00,000 | 51,48,022 |
| തൊഴിൽനികുതി | 25,00,000 | 25,00,000 | 18,14,530 |
| ലൈസൻസ് ഫീസ് (FACTEAOS, Dogs & Pigs, Farm Licence) | 60,000 | 60,000 | 3,16,355 |
| വാടക | 30,000 | 30,000 | 23,196 |
| കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് | 3,00,000 | 3,00,000 | 4,60,157 |

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ്/കുറവ്(%) | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 30,09,158 | 31,52,965 | 1.05 | 340 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 18,68,237 | 19,95,057 | 1.07 | |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ, ട്രേഡേഴ്സ്,പ്രൊഫഷണൽസ് | 3,75,390 | 3,56,520 | 1.05 കുറവ് | |
| തൊഴിൽ നികുതി - ജീവനക്കാർ | 14,11,100 | 14,58,010 | 1.03 | |
| FACTEOS ലൈസൻസ് | 3,36,595 | 3,10,585 | 1.08കുറവ് | |

തൊഴിൽ നികുതി- സ്ഥാപനങ്ങൾ, ട്രേഡേഴ്സ്, പ്രൊഫഷണൽസ്, FACTEOS ലൈസൻസ് എന്നീ ഇനങ്ങളിൽ മുൻ വർഷത്തേക്കാൾ ഡിമാന്റ് കുറവാണ്. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്താൻ ഫീൽഡ്തല സന്ദർശനം നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതുണ്ട്. വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

വസ്തുനികുതി

30.09.2023 തീയതിയിലെ ഭരണസമിതി തീരുമാനം നം. 17(1) പ്രകാരം തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ സ.ഉ(കൈ) നം. 77/2023/LSGD Dt. 22.03.2023 അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ വസ്തുനികുതി

നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്.സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ ഓരോ കെട്ടിട വിഭാഗത്തിന്റെയും അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്.പുതിയ കെട്ടിടങ്ങൾക്ക് 17.10.2023 മുതൽ പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ നിരക്കുകൾ ചേർത്തിട്ടുണ്ട്. എന്നാൽ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടപടി പൂർത്തീകരിക്കാത്തതിനാൽ നിലവിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കിൽ നികുതി ഈടാക്കി വരുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് മാപ്പ് തയ്യാറാക്കാത്തതിനാൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്, ഇളവ് എന്നിവ പരിശോധിക്കുന്നതിന് സാധിച്ചില്ല.

സേവന ഉപനികുതി

ഗ്രാമപഞ്ചായത്തിൽ സേവന ഉപനികുതി നിലവിൽ ഈടാക്കുന്നില്ല. കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിക്കുന്ന സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിരക്കിൽ സേവന ഉപനികതി ചുമത്താവുന്നതാണ്. ചട്ടം 27 ൽ സേവന ഉപനികുതി ചുമത്താവുന്ന ഇനങ്ങളും ചുമത്താവുന്ന ഏറ്റവും കുറഞ്ഞ നിരക്കുകളും വ്യക്തമാക്കിയിട്ടുണ്ട്.

| | |
|---|---|
| എ) ശുചിത്വ പരിപാലനം (അതത് പ്രദേശത്തെ കെട്ടിടത്തിന്റെ പൊതുവായ ശുചിത്വ പരിപാലനത്തിനും ചപ്പുചവറുകൾ, പക്ഷി മൃഗാദികളുടെ ജീർണ്ണ അവശിഷ്ടം, വിസർജ്ജ്യ വസ്തുക്കൾ തുടങ്ങിയ ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ നാല് ശതമാനം |
| ബി)ജലവിതരണം (തെരുവ് ടാപ്പുകൾ ഉൾപ്പെടെയുള്ള ജലവിതരണ സംവിധാനത്തിന്റെ ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തുനികുതിയുടെ മൂന്ന് ശതമാനം |
| സി) തെരുവ് വിളക്കുകൾ (സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തുനികതിയുടെ രണ്ട് ശതമാനം |
| ഡി) ഡ്രെയിനേജ് (അഴുക്ക് ചാൽ സംവിധാനം ഉൾപ്പെടുയുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തുനികുതിയുടെ ഒരു ശതമാനം |

2022-23 വർഷത്തെ ഇൻകം & എക്സ്പൻഡിച്ചർ പത്രിക പ്രകാരം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, ശുചിത്വ പരിപാലനം എന്നീയിനങ്ങളിൽ ചെലവഴിച്ച തുക താഴെ ചേർക്കുന്നു.

Electricity Charges For Street Lights -1,313,511

Water Charges For Kwa Street Taps - 1,233,539

Solid Waste Management -115,990

ആകെ 2663040

മേൽ ചെലവുകൾ തൻവർഷ വസ്തുനികുതി ഡിമാന്റിന്റെ (3152965+1995057=5148022) 51.73% ആണ്.

ആയതിനാൽ ഗ്രാമപഞ്ചായത്തിൽ സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

തൊഴിൽനികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

നികുതിയേതര വരുമാനം

വ്യവസായങ്ങൾക്കും ഫാക്ടറിൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

ഗ്രാമപഞ്ചായത്തിലെ ആകെ നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെയും ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെയും എണ്ണം പരിഗണിക്കുമ്പോൾ വൻവ്യത്യാസം കാണുന്നുണ്ട്. ആയത് പരിശോധിക്കേണ്ടതും വരുമാന നഷ്ടം ഇല്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

വാടക

പഞ്ചായത്തിന് നിലവിൽ 3 കടമുറികളുണ്ട് ആണ് ഉള്ളത്. ആയത് വാടകക്ക് നൽകി വരുന്നുണ്ട്. വാടകയിനത്തിൽ കുടിശ്ശികയില്ല. 2022-23 വർഷം വാടക പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ട്.

ലേലം

2022-23 വർഷം കിരാലൂർ ഗവ.സ്കൂളിന്റെ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്ന ലേലം മാത്രമാണ് നടന്നിട്ടുള്ളത്. പഞ്ചായത്തിൽ അഞ്ചിൽ കൂടുതൽ കാനനിർമ്മാണ പ്രവൃത്തികൾ നടന്നിട്ടുണ്ടെങ്കിലും മണ്ണ് ലേലങ്ങളൊന്നും നടന്നിട്ടില്ല. കാനനിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി മണ്ണ് അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് നഷ്ടമാകാതെ എത്രയും പെട്ടെന്ന് ലേലം നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മറ്റിനങ്ങൾ

ചരിത്ര പ്രാധാന്യമുള്ള ആർണോസ് ദേവാലയം എന്നറിയപ്പെടുന്ന സെന്റ് സേവിയർ പള്ളി, കേരളതനിമയുള്ള തലക്കോട്ടുകര ക്ഷേത്രം എന്നിവ വേലൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. പച്ചപ്പ് നിറഞ്ഞ മനോഹരമായ ഭൂപ്രദേശമാണ് പഞ്ചായത്തിനുള്ളത്. ആയതിന് കോട്ടം വരുത്താത്ത രീതിയിൽ വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്.വിനോദ സഞ്ചാരം ലക്ഷ്യമിട്ടുള്ള പുലിയന്നൂർ മുട്ടിച്ചിറ ചീപ്പ് നിർമ്മാണം പഞ്ചായത്തിന്റെ ഭാവി പദ്ധതികളിൽ ഉൾപ്പെടുന്നു. ഇപ്രകാരം പഞ്ചായത്തിന്റെ പ്രകൃതി ഭംഗി ഉപയോഗിച്ച് വിനോദ സഞ്ചാര പദ്ധതികൾ നടപ്പിലാക്കുന്നത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിന് സഹായകരമാകുന്നതാണ്.

## 1-10 ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലനിർണയം നടത്തിയിരിക്കുന്നു

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലനിർണയം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഏതാനും വാർഡുകൾ പരിശോധിച്ചതിൽ വ്യത്യസ്ത മേഖല നിർണയം നടത്തിയതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നം. | കെട്ടിട ഉടമ | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 1/7 | ലൂസി, കുളങ്ങര വീട്, പാത്രമംഗലം | തലക്കോട്ടുകര തണ്ടിലം പാഴിയോട്ടുമുറി റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | പ്രഥമം |
| | 1/8 | ഔസേപ്പ്, | തലക്കോട്ടുകര തണ്ടിലം | 5 മീറ്ററോ അതിൽ | ദ്വിതീയം |

| | | | | | |
|---|---|---|---|---|---|
| | | കുളങ്ങര വീട്, പാത്രമംഗലം | പാഴിയോട്ടുമുറി റോഡ് | കൂടുതലോ | |
| 2 | 1/175 | തങ്കുട്ടൻ, ചെറുകുന്നത്ത് വീട് | പാത്രമംഗലം, കുംഭാരകോളനി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 1/176 | പ്രസാദ്, ചെറുകുന്നത്ത് വീട് | പാത്രമംഗലം, കുംഭാരകോളനി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| 3 | 1/260 | അക്ബർ, ചുള്ളിയിൽ വീട് | തലക്കോട്ടുകര, തണ്ടിലം പാഴിയോട്ടുമുറി റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | പ്രഥമം |
| | 1/261 | അക്ബർ, ചുള്ളിയിൽ വീട് | തലക്കോട്ടുകര, തണ്ടിലം പാഴിയോട്ടുമുറി റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | ത്രിതീയം |
| 4 | 7/51 | രാജൻ, മൂളിപ്പറമ്പിൽ, വേലൂർ | കുറുമാല്യ വഴി | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം |
| | 7/52 | സോമൻ, മൂളിപ്പറമ്പിൽ, വേലൂർ | കുറുമാല്യ വഴി | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 5 | 15/44A | ജോണി, കുറ്റിക്കാട്ട് വീട്, തലക്കോട്ടുകര | പൈനിപ്പാടം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 15/45 | തോമസ്, കുറ്റിക്കാട്ട് വീട്, തലക്കോട്ടുകര | പൈനിപ്പാടം റോഡ് | 1.5 മീറ്ററോ അതിൽകൂടുതലോ | ത്രിതീയം |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (നം.22 തീ.25.10.2023). മറുപടി പ്രകാരം തെറ്റായി മേഖല നിർണ്ണയിച്ച 1/8,1/176,1/261,7/51,15/44A,15/45 എന്നീ കെട്ടിടങ്ങളുടെ മേഖല പുന:നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 1/8,1/261,15/45 എന്നീ കെട്ടിടങ്ങളുടെ മേഖലക്കനുസൃതമായി വർദ്ധനവ്/ഇളവ് പരിഷ്കരിക്കപ്പെട്ടിട്ടില്ല. കൂടാതെ തെറ്റായി മേഖലാ നിർണ്ണയം നടത്തിയതിന് ഉദാഹരണങ്ങൾ മാത്രമാണ് മേൽ സൂചിപ്പിച്ചത്. മുഴുവൻ വാർഡുകളും പരിശോധിച്ച് മേഖലാ നിർണ്ണയത്തിൽ വ്യത്യാസം വന്ന കെട്ടിടങ്ങളുടെ മേഖല കൃത്യമാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11 ഒരേ റോഡിനെ വ്യത്യസ്ത വീതിയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിശ്ചയിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിൽ ഒരേ റോഡിനെ വ്യത്യസ്ത വീതിയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിശ്ചയിച്ചതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | റോഡിന്റെ പേര് | സഞ്ചയ പ്രകാരം |
|---|---|---|

| | | |
|---|---|---|
| | | റോഡിന്റെ വീതി |
| 1/441 | തോന്നല്ലൂർ ഖാദി റോഡ് | 1.5 മീറ്ററോ അതിൽ കൂടുതലോ |
| 1/441A | തോന്നല്ലൂർ ഖാദി റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ |
| 5/27 | ആല റോഡ് | 1.5 മീറ്ററോ അതിൽ കൂടുതലോ |
| 5/28 | ആല റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ |
| 5/54 | കേച്ചേരി കുറാഞ്ചേരിറോഡ് | 1.5 മീറ്ററോ അതിൽ കൂടുതലോ വീതി |
| 5/55 | കേച്ചേരി കുറാഞ്ചേരിറോഡ് | 5 മീറ്ററോ അതിൽ കൂടുതലോ |
| 15/68E | തലക്കോട്ടുകര തണ്ടിലം പാഴിയോട്ടുമുറി റോഡ് | 1.5 മീറ്ററോ അതിൽ കൂടുതലോ |
| 15/138A | തലക്കോട്ടുകര തണ്ടിലം പാഴിയോട്ടുമുറി റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (നം.23 തീ.25.10.2023). മറുപടി പ്രകാരം തെറ്റായി വീതി നിർണ്ണയിച്ച 5/28,5/54,15/68E എന്നീ കെട്ടിടങ്ങളിലേക്കുള്ള റോഡുകളുടെ വീതി പുന:നിർണ്ണയിച്ചിട്ടുണ്ട്. ആയതിൽ 5/54 എന്ന കെട്ടിടത്തിലേക്കുള്ള റോഡിന്റെ വീതി '5 മീറ്ററോ അതിൽ കൂടുതലോ' എന്ന് പുന:നിർണ്ണയിച്ചെങ്കിലും ആയതനുസരിച്ച് 20% വർദ്ധനവ് നടത്തിയിട്ടില്ല. റോഡിന്റെ വീതി തെറ്റായി നിർണ്ണയിച്ചതിന് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് മേൽ സൂചിപ്പിച്ചത്. ആയതിനാൽ മുഴുവൻ വാർഡുകളും പരിശോധിച്ച് റോഡിന്റെ വീതി നിർണ്ണയത്തിൽ വന്ന വ്യത്യാസം പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ പൂർണ്ണമല്ല

അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 16 അനധികൃത കെട്ടിടങ്ങൾ ആണുള്ളത്. എന്നാൽ സഞ്ചയ പ്രകാരം 8 അനധികൃത കെട്ടിടങ്ങൾ മാത്രമേയുള്ളൂ. അനധികൃത കെട്ടിട രജിസ്റ്ററിൽ ഉൾപ്പെട്ടതും സഞ്ചയയിൽ ഉൾപ്പെടാത്തതുമായ കെട്ടിട നമ്പരുകൾ താഴെ ചേർക്കുന്നു.

7/UA(1),7/UA(2),8/327A,4/UA(4),13/250A,5/344A,9/173A,13/464A

മേൽ കെട്ടിടങ്ങളിലുൾപ്പെട്ട 9/173A,13/250A,13/464A എന്നീ കെട്ടിടങ്ങൾ സഞ്ചയയിൽ 'Unauthorised To Authorise' എന്ന ഗണത്തിലുൾപ്പെട്ടിട്ടുള്ളതാണ്. മേൽ കെട്ടിടങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടങ്ങൾ ക്രമവൽക്കരിച്ചിട്ടുണ്ട്. എന്നാൽ അനധികൃത കെട്ടിട രജിസ്റ്ററിൽ കെട്ടിടങ്ങൾ ക്രമവൽക്കരിച്ച വിവരം രേഖപ്പെടുത്തിയത് ഓഡിറ്റ് എൻക്വയറി നൽകിയതിനു

ശേഷമാണ്.5/344A എന്ന കെട്ടിടം പൊളിച്ച് നീക്കിയിട്ടുള്ളതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.അനധികൃത കെട്ടിട രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും സഞ്ചയയുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.24/തീ.25.10.2023)

## 1-13 ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല

സഞ്ചയ പ്രകാരം താഴെ പറയുന്ന വാർഡുകളിലെ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല .

| Sl No | Ward Name | No. Of Buildings | Purification Completed Count | | | | | | Purification Pending Count |
|---|---|---|---|---|---|---|---|---|---|
| | | | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | |
| 2 | ( 2 ) Vellattanjur North | 599 | 0 | 599 | 0 | 599 | 1 | 598 | 1 |
| 4 | ( 4 ) Pazhvoor | 557 | 0 | 557 | 0 | 557 | 2 | 555 | 2 |
| 8 | ( 8 ) Kuttamkulam | 633 | 0 | 633 | 0 | 633 | 1 | 632 | 1 |
| 11 | ( 11 ) Kurumal East | 658 | 2 | 656 | 0 | 656 | 0 | 656 | 2 |
| 12 | ( 12 ) Vengilissery West | 644 | 1 | 643 | 0 | 643 | 0 | 643 | 1 |
| 17 | ( 17 ) Puliyannur | 608 | 0 | 608 | 0 | 608 | 1 | 607 | 1 |
| | Total | | | | | | | | 8 |

ഡാറ്റാ പ്യൂരിഫിക്കേഷൻ Enable ചെയ്തു തരുന്ന മുറക്ക് പൂർത്തീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. ആയത് പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.25/തീ.25.10.2023)

## 1-14 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഓവർസീസ് ബാങ്കിലെ താഴെ പറയുന്ന ജീവനക്കാരെ വിമുക്തഭടൻ വിഭാഗത്തിൽ ഉൾപ്പെടുന്ന എന്ന കാരണം രേഖപ്പെടുത്തി തൊഴിൽനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

A. തോമസ് വി. എൽ., ക്ലർക്ക്

B. സനോജ് പി. ജി., ക്ലർക്ക്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205(എ-കെ) പ്രകാരം വിമുക്തഭടൻമാർ തൊഴിൽനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ല. ആയതിനാൽ മേൽ വ്യക്തികളിൽ നിന്ന് തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ പ്രൊഫഷണൽസ്/ട്രേഡേഴ്സിൽ നിന്നും നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 ഫാം ലൈസൻസ് എടുത്തിട്ടില്ല

2012 ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തികൊണ്ടുപോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

(1) കന്നുകാലി ഫാം : 5 മൃഗങ്ങൾ

(2) ആട് ഫാം : 20 മൃഗങ്ങൾ

(3) പന്നി ഫാം : 5 മൃഗങ്ങൾ

(4) മുയൽ ഫാം : 25 മൃഗങ്ങൾ

(5) പൗൾട്രി ഫാം : 100 പക്ഷികൾ

എന്നാൽ ഗ്രാമപഞ്ചായത്തിൽ പാലിനുള്ള സബ്സിഡി വാങ്ങുന്ന അഞ്ചിൽ കൂടുതൽ കന്നുകാലികളുള്ള താഴെ കൊടുത്തിരിക്കുന്ന ക്ഷീര കർഷകർ ഫാം ലൈസൻസ് എടുത്തിട്ടില്ല.

1. അബ്ദുള്ള, നാലകത്ത് വീട്

2. പ്രവീൺ സി.വി., ചവറാട്ടിൽ വീട്

3. ജലീൽ കറുപ്പം വീട്ടിൽ, തലക്കോട്ടുകര

പഞ്ചായത്തിൽ ആകെ 4 കന്നുകാലി ഫാമുകൾക്ക് മാത്രമാണ് ലൈസൻസ് ഉള്ളത്. എല്ലാ ഫാമുകൾക്കും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 മരുന്ന് ലഭ്യമായിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, എഫ്.എച്ച് സി വിവിധ പദ്ധതികളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, ഹോംകോ എന്നിവയുടെ പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയിട്ടുണ്ട്. മരുന്ന് ലഭ്യമായിട്ടില്ല. എന്നാൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം / പേര് | പ്രോഫോർമ ഇൻവോയ്സ് | ബിൽ നം /ചെക്ക് നം/വൗച്ചർ നം | പ്രോജക്റ്റ് വിവരങ്ങൾ | | | ശീർഷകം |
|---|---|---|---|---|---|---|---|
| | | | | അടങ്കൽ | ചെലവ് | ഫണ്ടിനം | |
| 1 | 10/23 അലോപ്പതി മരുന്ന് വാങ്ങൽ | PRF2775/ 05.12.2022 (3,00,000/- രൂപ) | Vr.42201502/ 07.12.2022 (3,00,000/-രൂപ) | 750000 | 710811 (നീതി,ജൻ ഔഷധി തുടങ്ങിയ വയിൽ നിന്നും മരുന്ന് വാങ്ങിയ ചെലവുകൾ | പൊതുവിഭാഗം – സാധാരണ വിഹിതം | 251110008 Medical Institution-Alloppathy-Purchase Of Medicines For Hospitals |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | | PRF1453/ 27.09.2022 (29,008/- രൂപ) | Vr.42201502/21.10.22 (29,008/- രൂപ) | | അടക്കം) | മെയിന്റനൻസ് ഫണ്ട്- റോഡിതരം | |
| 3 | | PRF5653/ 23.03.23 (38,475/- രൂപ) | Vr.42201687/25.03.23 (38,475/- രൂപ) | | | മെയിന്റനൻസ് ഫണ്ട്- റോഡിതരം | |
| 4 | 07/23 പെയിൻ ആൻഡ് പാലിയേറ്റിവ് | PRF 5658/ 23.03.23 (119627/- രൂപ) | Vr.22201570/ 30.03.2023 (119627/- രൂപ) | 952000 | 670538 (മറ്റ് പാലിയേറ്റിവ് ചെലവുകൾ അടക്കം) | തനത്ഫണ്ട് | 251110501 Health Related Activties-Palliative Care |
| 5 | 84/23 ഹോമിയോ മരുന്ന് വാങ്ങൽ | PRF956/ 26.12.22 (300000/- രൂപ) | Vr.42201610/27.02.23 (300000/- രൂപ) | 300000 | 300000 | മെയിന്റനൻസ് ഫണ്ട്- റോഡിതരം | 251110208 Medical Institution-Homeo-Purchase Of Medicines In Health Institutions |

പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മുൻകൂർ ആയി നല്കുന്ന തുകകൾ മരുന്ന് ലഭ്യമാക്കി ക്രമീകരിക്കുന്നത് നിരീക്ഷിക്കുന്നില്ല. മാത്രമല്ല ഓരോ ഇൻവോയ്സുകൾ പ്രകാരവും ലഭിക്കുന്ന മരുന്നുകൾ ഏത് പ്രൊഫോർമ ഇൻവോയ്സ് ചെലവുകൾ പ്രകാരമാണ് എന്ന് രേഖപ്പെടുത്തി മുൻകൂർ ക്രമീകരിക്കുന്നത് നിരീക്ഷിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മുൻകൂർ ആയി തുകനല്കിയപ്പോൾ പഞ്ചായത്തിന്റെ വാർഷികകണക്കിൽ മുൻകൂർ ശീർഷകത്തിൽ ബുക്ക് ചെയ്യുന്നതിന് പകരം തുക നല്കിയപ്പോൾ തന്നെ മരുന്ന് ലഭ്യമായി എന്ന രീതിയിൽ ചെലവായാണ്

രേഖപ്പെടുത്തിയിരിക്കുന്നത്. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 16(3) പ്രകാരം തുക ചെലവഴിച്ചതിന്റെ വിനിയോഗ വിവരം അറിയിക്കാത്തതാണ് മേൽ പ്രകാരം കണക്കിൽ തെറ്റായി ബുക്ക് ചെയ്യപ്പെടുന്നതിന് കാരണം.വാർഷികകണക്കിൽ ചെലവായി രേഖപ്പെടുത്തിയതിനാലും പഞ്ചായത്തിലെ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ലാത്തതിനാലും പ്രൊഫോർമ ഇൻവോയ്സിനൊപ്പം അതത് ഇൻവോയ്സുകൾ ഫയൽ ചെയ്ത് സൂക്ഷിക്കാത്തതിനാലും മരുന്നുകൾ ലഭ്യമാക്കി ഈ തുക ക്രമീകരിക്കുന്നത് നിരീക്ഷിക്കുന്നത് സാധിക്കുന്നതല്ല.

മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ പ്രകാരമുള്ള മുൻകൂർ തുകകൾക്ക് ലഭിച്ച മരുന്നുകളുടെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 41 തീയ്യതി 12/10/23 മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-17 ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ സ.ഉ.(ആർ.റ്റി.) 3379/2004 എച്ച് & എഫ്.ഡബ്ല്യു.ഡി തീ.03.12.2004 പ്രകാരം രൂപീകൃതമായിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
വേലൂർ എഫ്.എച്ച്.സി.യുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ 2007-08 ന് ശേഷമുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികളുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ 2021-22 വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. എച്ച്.എം.സി വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് വേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.35, തീയതി 26.10.2023).

## 1-18 ഭവനനിർമ്മാണം, റിപ്പയർ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല.

വി.ഇ.ഒ നടപ്പാക്കിയ ഭവനംവാസയോഗ്യമാക്കൽ, ലൈഫ് ഭവനപദ്ധതി എന്നിവയിൽ ചില ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

1. S147/23 – വീട് വാസയോഗ്യമാക്കൽ എസ് സി
ഗുണഭോക്താക്കൾക്ക് 2 ഗഡുക്കളായി ഒരു ലക്ഷം രൂപ വീതം നൽകുന്ന പദ്ധതിയാണിത്.
5 ഗുണഭോക്താക്കൾ ഒരു ഗഡു (50000രൂപ) മാത്രം കൈപ്പറ്റി നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | വൗച്ചർ നം., തുക |
|---|---|---|
| നിർമ്മല തുറുണിൽ | 50000 | 42201519/17.12.2022 – 1050000 |
| ശാന്ത വട്ടംപറമ്പിൽ | 50000 | 42201519/17.12.2022 – 1050000 |
| നീതു മരുന്നംകാട്ടില് | 50000 | 42201519/17.12.2022 – 1050000 |
| വേലായുധൻ | 50000 | 42201519/17.12.2022 |

| | | |
|---|---|---|
| ചേമ്പത്ത് | | – 1050000 |
| കാർത്യായനി പെരുമ്പിള്ളി | 50000 | 42201575/30.1.2023 -- 50000 |

2. ലൈഫ് ഭവനപദ്ധതി

വി.ഇ.ഒ നടപ്പാക്കിയ ലൈഫ് പദ്ധതിയിലെ എസ് സി വിഭാഗത്തിൽ ഉൾപ്പെടുന്ന 2021–2022 വരെ കരാർ വച്ചിട്ടുള്ള 4 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഓരോ ഗുണഭോക്താവിനും 4 ലക്ഷം രൂപ വീതമാണ് ഭവനനിർമ്മാണത്തിനായി നൽകുന്നത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കരാർ വർഷം | കൈപ്പറ്റിയ തുക |
|---|---|---|
| സുമതി കെ. പി. | 2018-19 | 40,000 – 28.12.2018 |
| | | 160,000 – 19.6.2019 |
| കനകം മണികണ്ഠൻ | 2020-2021 | 40,000 – 26.6.2021<br>160,000 – 07.01.2021<br>100,000 – 26.03.2021 |
| ഹരി പ്രസാദ്, ചിറ്റാട്ടുകര | 2021-2022 | 40,000 – 11.8.2021 |
| രജനി ഏയ്ഞ്ചൽ, പാലാട്ടിൽ | 2021-2022 | 40,000 – 30.12.2021<br>160,000 – 31.01.2022<br>100,000 – 11.08.2022 |

ഓഡിറ്റ് എൻക്വയറിക്ക് (15/21.10.2023) മറുപടിയായി ഗുണഭോക്താക്കൾക്ക് മുപ്പത് ദിവസത്തിനകം പ്രവൃത്തി പൂർത്തിയാക്കുവാൻ ആവശ്യപ്പെട്ട് 20.10.2023 ന് കത്തയച്ചതായും കാരണം ബോധിപ്പിക്കുവാൻ 15 ദിവസത്തെ സമയം അനുവദിച്ചിട്ടുണ്ട് എന്നും നിർവഹണഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നൽകിയ തുക പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 1-19 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

താഴെ പറയുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതികൾ വെറ്ററിനറി സർജൻ തൻവർഷം നടപ്പാക്കിയിട്ടുണ്ട്

| പ്രോജക്റ്റ് | അടങ്കൽ, ഫണ്ട് | വൗച്ചർ നം, തുക | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| S089/23 – പ്രത്യേക കന്നുകുട്ടി | വികസനഫണ്ട് (പൊതുവിഭാഗം) 625000 | 42201549/9.1.23 -- 625000 | ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽ. |

| | | | |
|---|---|---|---|
| പരിപാലന പദ്ധതി വനിത | | | ബി.പി, തൃശ്ശൂർ |
| S090/23 – പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വനിതഎസ് സി | വികസനഫണ്ട് (എസ് സി പി) 125000 | 42201560/17.1.23-- 125000 | ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽ.ബി.പി, തൃശ്ശൂർ |

S089/23ലെ 50 ഗുണഭോക്താക്കളും S090/23ലെ 10 ഗുണഭോക്താക്കളും അടക്കം 60 ഗുണഭോക്താക്കളുടെ പഞ്ചായത്ത് വിഹിതവും സംസ്ഥാനവിഹിതവും ഉൾപ്പെടെ 7,50,000 രൂപ ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽ.ബി.പി ക്ക് കൈമാറി. പദ്ധതിയുടെ വിനിയോഗവിവരം പദ്ധതി പൂർത്തിയാക്കുന്ന മുറക്ക് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.13/21.10.2023)

## 1-20 ഗുണഭോക്തൃവിഹിതം വെറ്ററിനറി സർജന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിരിക്കുന്നു

വെറ്ററിനറി സർജൻ നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പദ്ധതികളിൽ ഗുണഭോക്തൃവിഹിതം ഉരുക്കളെ സപ്ലൈ ചെയ്ത വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിൽ നൽകാതെ വെറ്ററിനറി സർജന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ( അക്കൗണ്ട് നം. -- 34679042844-SBI,KUHAS, തൃശ്ശൂർ) കൈമാറിയിരിക്കുന്നു. തുക കൈമാറുന്നതിനായി തയ്യാറാക്കിയ TR59E ബില്ലിൽ തുക സപ്ലൈ ചെയ്ത വ്യക്തികളുടെ പേരും അക്കൗണ്ട് നമ്പറുകളുമാണ് ചേർത്തിട്ടുള്ളത്.
പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
1. S092/23 – വനിതകൾക്ക് പശു വളർത്തൽ

ഫണ്ട്/ അടങ്കൽ-- വികസനഫണ്ട് -- പൊതുവിഭാഗം -- 1020000

ഗുണഭോക്തൃവിഹിതം-- --1020000

ആകെഅടങ്കൽ-- 2040000

ചെലവ് -- വികസനഫണ്ട് -- പൊതുവിഭാഗം -- 720000

ഗുണഭോക്തൃവിഹിതം -- 720000

ആകെ ചെലവ് -- 1440000

ആകെ ധനസഹായം ലഭിച്ച ഗുണഭോക്താക്കൾ -- 24

2. S186/23-- പോത്തുകുട്ടി വളർത്തൽ വനിത

ഫണ്ട്/ അടങ്കൽ -- വികസനഫണ്ട് -- പൊതുവിഭാഗം -- 408000

ഗുണഭോക്തൃവിഹിതം --408000

ആകെഅടങ്കൽ-- 816000

ചെലവ് -- വികസനഫണ്ട് -- പൊതുവിഭാഗം --408000

ഗുണഭോക്തൃവിഹിതം -- 408000

ആകെ ചെലവ് -- 816000

ആകെ ധനസഹായം ലഭിച്ച ഗുണഭോക്താക്കൾ -- 68

വെറ്ററിനറി സർജന്റെ അക്കൗണ്ടിലേക്ക് തുക കൈമാറിയതിന്റെ വിവരങ്ങൾ

| പ്രോജക്റ്റ് | വൗച്ചർ നം., തുക | ചെക്ക് നം |
|---|---|---|
| S092/23 – വനിതകൾക്ക് പശു വളർത്തൽ ജനറൽ | 22201199/18.1.23, 330000 (11 പേരിൽ നിന്ന് പിരിച്ച തുക) | 5921710/18.1.23 (LGTSB) |
| | 22201317/7.2.23, 150000 (5 പേരിൽ നിന്ന് പിരിച്ച തുക) | 5921715/7.2.23 |
| S186/23--പോത്തുകുട്ടി വളർത്തൽ വനിത | 22201249/26.1.23, 144000 (24 പേരിൽ നിന്ന് പിരിച്ച തുക) | 5921712/23.1.23 |
| ആകെ | 624000 രൂപ | |

ഇപ്രകാരം ആകെ 624000 രൂപ നിർവഹണഉദ്യോഗസ്ഥന്റെ അക്കൗണ്ടിലേക്ക് നൽകുവാനുണ്ടായ കാരണം വ്യക്തമല്ല. ടി തുകകൾ ഉരുക്കളെ സപ്ലൈ ചെയ്ത വ്യക്തികളുടെ അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ ആവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 14/21.10.2023 നൽകിയിരുന്നു. ആയതിന് മറുപടിയായി നിർവഹണഉദ്യോഗസ്ഥൻ തുക കൃത്യമായി സപ്ലൈയർക്ക് കൈമാറിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല.
സ.ഉ.(കൈ) നം.115/2022 തസ്വഭവ തീയതി .28.5.2022 ഖ. 2.12 പ്രകാരം പ്രത്യേകം അനുവദിക്കപ്പെട്ട സാഹചര്യങ്ങളിൽ ഒഴികെ സബ്സിഡി /ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല ബിൽ തയ്യാറാക്കുന്നതിൽ നിന്ന് വ്യത്യസ്തമായി മറ്റൊരാളുടെ അക്കൗണ്ടിലേക്ക് തുക കൈമാറുന്നത് ശരിയായ പ്രവണതയല്ല. ഉരുക്കളെ സപ്ലൈ ചെയ്ത വ്യക്തികൾ ധനസഹായം കൈപ്പറ്റിയെന്ന രേഖകൾ ലഭ്യമാക്കുന്നത് വരെ 624000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ പ്രവൃത്തി സംബന്ധമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നമ്പർ - So142/23.

നിർവ്വഹണ ഉദ്യോഗസ്ഥ – അസി.എഞ്ചിനിയർ.

ഫണ്ടിനം - തനത് ഫണ്ട്.

അടങ്കൽ - 51000 /-

Vr.No. 22201587.dtd.31.3.23. 11900/ -

റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് വേണ്ടി അഖിൽ.പി.എ. എന്ന വ്യക്തിക്ക് 11900/ - രൂപ നല്കിയിട്ടുണ്ട്. എന്നാൽ നല്കിയതിന്റെ കൈപറ്റ് രശീത്,പ്രവൃത്തിയുടെ ചെലവ് സംബന്ധിച്ചുള്ള തെളിവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൈപ്പറ്റ് രശീത്, റോഡ് കണക്റ്റിവിറ്റി ഉൾപ്പെടുന്ന മാപ്പ് തയ്യാറാക്കിയത്, ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെടുന്ന രജിസ്റ്റർ തയ്യാറാക്കിയത്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ചെലവ് തുക 11900/ - രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ബി.ആർ.സി. കെട്ടിട നിർമ്മാണം ഫൈനൽ ബില്ല്, പൂർത്തീകരണ സാക്ഷ്യ പത്രം,ഫൈൻ ഈടാക്കിയ വിവരങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. S042/23.

എഗ്രിമെന്റ് നമ്പർ -14/2019 -20.dtd. 24.6.20.

അടങ്കൽ - 2622000/ -

622000/ - (വി.ഫ.)

500000/ - (തനത് ഫ.)

1500000/ -(മറ്റുള്ളവ -ജില്ലാ പഞ്ചായത്ത്)

ടെണ്ടർ - 6.76% ബിലോ ടെണ്ടർ.

കരാർ കാലയളവ് - 10മാസം.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനിയർ

കരാറുകാരൻ -അനിരുദ്ധൻ ടി.വി.

അളവ് പുസ്തകം - 149/20 -21,155/20 -21,99/21 -22, 7/22 -23.

Vr.No.42201706.dtd.28.3.23. 766066/ -

2019 -20 വർഷത്തിൽ കരാർ കാലയളവ് 10 മാസമുള്ള മേൽ പ്രോജക്ട് പൂർത്തീകരിച്ചതിന്റെ ഫൈനൽ ബില്ല് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2020-21 ൽ കരാർ വെച്ച ഈ പ്രോജക്ട് തുടർന്നുള്ള വർഷങ്ങളിൽ സ്പിൽ ഓവർ ആക്കിയിട്ടുണ്ട്. (S0061/20,s0215/21,s0122/22,s0192/22,s057/23,s042/23.)

29.3.21. – 622000/ - രൂപയും 11.11.21. - 200000/ - രൂപയും 11.1.22. -113149/ - രൂപയും17.2.22.- 482945/ - രൂപയും ഉൾപ്പെടെ മുൻവർഷങ്ങളിൽ 1418094/ - മേൽ പ്രോജക്ടിന് വേണ്ടി ചെലവഴിച്ചതായി ഫയൽ പരിശോധനയിൽ കാണാൻ കഴിഞ്ഞു. തൻവർഷം 766066/ - രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ചെലവിന്റെ TR 59E ബിൽ ഫയലിൽ കാണുന്നില്ല.

കരാറുകാരൻ 7പ്രാവശ്യം പ്രവൃത്തി കാലയളവ് ദീർഘിപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് കത്ത് നല്കിയിട്ടുണ്ട്. ആയതിന്റെ വെളിച്ചത്തിൽ അസി എഞ്ചിനിയർ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

21.4.21.ലെ കത്തിൽ 22.4.21 മുതൽ 21.9.21വരെ സമയം ദീർഘിപ്പിച്ച് നല്കുവാൻ കരാറുകാരൻ ആവശ്യപ്പെട്ടിരുന്നു.19.3.22.മുതൽ 15.3.23. വരെ ഫൈനോട്ട കൂടി സമയം ദീർഘിപ്പിച്ച് നല്കുവാൻ അസി.എഞ്ചിനിയർ ശുപാർശ ചെയ്തിട്ടുണ്ട്. കരാറുകാരൻ സമയം ദീർഘിപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ആദ്യത്തെ കത്തിൽ മാത്രമെ തിയതി രേഖപ്പെടുത്തിയിട്ടുള്ളു. ആയതിന്റെ അടിസ്ഥാനത്തിൽ അസി.എഞ്ചിനിയർ അനുമതി നൽകുകയും സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് വ്യാപനവും, തൊഴിലാളികളെ ലഭിക്കാത്തതുമാണ് സമയം ദീർഘിപ്പിക്കുവാനുള്ള കാരണമായി എല്ലാ കത്തുകളിലും കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ളത്. 4.8.22 അവസാനമായി ചെക്ക് മെഷർ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പൂർത്തികരിച്ചെന്ന് രേഖപ്പെടുത്തിയ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഫൈനൽ ബില്ല്, പൂർത്തീകരണ സാക്ഷ്യ പത്രം, 766066/ -രൂപയുടെ TR.59E

ബില്ലിന്റെ കോപ്പി, കരാറുകാരനിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കിയ വിവരങ്ങൾ ഫൈനൽ ബില്ലിൽ ടെണ്ടർ ബിലോ കുറവ് ചെയ്ത വിവരം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കരാർ കാലയളവിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ, ഭരണ സമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. സ്ഥല പരിശോധനയിൽ സ്ഥാപനം നല്ല നിലയിൽ പ്രവർത്തിക്കുന്നതായി കാണാൻ കഴിഞ്ഞു.

## 1-23 അമൃതം ഫുഡ് സപ്ലിമെന്റ് - ഉത്പന്ന വിതരണക്കാരിൽ നിന്നും ജിഎസ്റ്റി ടിഡിഎസ് ഈടാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ
I) പ്രോജക്റ്റ് : അങ്കണവാടി അനുപൂരക പോഷകാഹാരം (01/23)
ഫണ്ട് :
1) വികസന ഫണ്ട് – പൊതുവിഭാഗം
അടങ്കൽ : 1866000/-, ചെലവ് : 1866000/-
(വൗച്ചർ നം. 42201443/തീ.18.07.2022 -977374/-,
വൗച്ചർ നം. 42201444/തീ.26.07.2022 -148483/-,
വൗച്ചർ നം. 42201455/തീ.31.08.2022 -133241/-,
വൗച്ചർ നം. 42201475/തീ.17.10.2022 -49979/-,
വൗച്ചർ നം. 42201599/തീ.20.02.2023 -89307/-,
വൗച്ചർ നം. 42201695/തീ.28.03.2023 -117998/-,
വൗച്ചർ നം. 42201696/തീ.28.03.2023 -187812/-,
വൗച്ചർ നം. 42201697 /തീ.28.03.2023 -161806/-)
2) കേന്ദ്രാവിഷ്കൃത ഫണ്ട്
അടങ്കൽ : 1000000/-, ചെലവ് : 34297/-
വൗച്ചർ നം. 42201406/ തീ. 28.03.2023
3) ബ്ലോക്ക് പഞ്ചായത്ത് വിഹിതം
അടങ്കൽ: 300000/-, ചെലവ് :160000/-, വൗച്ചർ നം. 42201480/തീ.25.10.2022
മേൽ പ്രോജക്റ്റ് പ്രകാരം അമൃതം ഫുഡ് സപ്ലിമെന്റ്, തോളൂർ ഗ്രാമപഞ്ചായത്ത് എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം അമൃതം ഉൽപ്പന്നങ്ങൾ 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുള്ളതാണ്.

| ക്രമ നം | ഇൻവോയ്സ് നം. | തിയതി | നികുതി ഒഴികെയുള്ള തുക | CGST@ 2.5% | SGST @ 2.5% | നികുതി ഉൾപ്പെടെയുള്ള തുക | ബില്ലിൽ നിന്നും പാസ്സാക്കിയിട്ടുള്ള തുക | ബിൽ തുക |
|---|---|---|---|---|---|---|---|---|
| 1 | 2194 | 08.12.2021 | 19040 | 476 | 476 | 19992 | 19561 | |
| 2 | 1690 | 08.12.2021 | 13892 | 347 | 347 | 14586 | 14586 | |
| 3 | 1734 | 07.01.2022 | 16761 | 418 | 418 | 17597 | 17597 | |
| 4 | 1733 | 07.01.2022 | 19320 | 483 | 483 | 20286 | 20286 | |
| 5 | 1767 | 14.02.2022 | 77319 | 1932 | 1932 | 81183 | 81183 | |
| 6 | 1768 | 14.02.2022 | 19320 | 483 | 483 | 20286 | 20286 | 977374 |
| 7 | 1769 | 14.02.2022 | 21081 | 527 | 527 | 22135 | 22135 | |
| 8 | 1770 | 14.02.2022 | 18120 | 453 | 453 | 19026 | 19026 | |
| 9 | 1804 | 11.03.2022 | 79662 | 1991 | 1991 | 83644 | 83644 | |
| 10 | 1805 | 11.03.2022 | 20447 | 511 | 511 | 21469 | 21469 | |
| 11 | 1806 | 11.03.2022 | 19320 | 483 | 483 | 20286 | 20286 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 12 | 1808 | 11.03.2022 | 15628 | 390 | 390 | 16408 | 16408 | |
| 13 | 1890 | 24.05.2022 | 66030 | 1650 | 1650 | 69330 | 69330 | |
| 14 | 1835 | 24.05.2022 | 20447 | 511 | 511 | 21469 | 21469 | |
| 15 | 1836 | 24.05.2022 | 19320 | 483 | 483 | 20286 | 20286 | |
| 16 | 1837 | 24.05.2022 | 6040 | 151 | 151 | 6342 | 6342 | |
| 17 | 1925 | 17.06.2022 | 66030 | 1650 | 1650 | 69330 | 69330 | |
| 18 | 1926 | 17.06.2022 | 19320 | 483 | 483 | 20286 | 20286 | |
| 19 | 1927 | 17.06.2022 | 20608 | 515 | 515 | 21638 | 21638 | |
| 20 | 1928 | 17.06.2022 | 3624 | 90 | 90 | 3804 | 3804 | |
| 21 | 1965 | 25.07.2022 | 65178 | 1628 | 1628 | 68434 | 68434 | 148483 |
| 22 | 1966 | 25.07.2022 | 19320 | 483 | 483 | 20286 | 20286 | |
| 23 | 1967 | 25.07.2022 | 19642 | 491 | 491 | 20624 | 20624 | |
| 24 | 1968 | 25.07.2022 | 3926 | 97.5 | 97.5 | 4121 | 4121 | |
| 25 | 2006 | 20.08.2022 | 68373 | 1709 | 1709 | 71791 | 71791 | 133241 |
| 26 | 2007 | 20.08.2022 | 19320 | 483 | 483 | 20286 | 20286 | |
| 27 | 2008 | 20.08.2022 | 20125 | 503 | 503 | 21131 | 21131 | |
| 28 | 2009 | 20.08.2022 | 2718 | 67 | 67 | 2852 | 2852 | |
| 29 | 2048 | 19.09.2022 | 19200 | 480 | 480 | 20160 | 20160 | 160000 |
| 30 | 2047 | 19.09.2022 | 20000 | 500 | 500 | 21000 | 21000 | |
| 31 | 2046 | 19.09.2022 | 64260 | 1606 | 1606 | 67472 | 56872 | |
| 32 | 2191 | 28.01.2023 | 2100 | 52 | 52 | 2204 | 2204 | 161806 |
| 33 | 2193 | 28.01.2023 | 19200 | 480 | 480 | 20160 | 20160 | |
| 34 | 2160 | 20.12.2022 | 5998+19200 | 150+480 | 150+480 | 6298+20160 | 6298+20160 | |
| 35 | 2161 | 20.12.2022 | 19040 | 476 | 476 | 19992 | 19992 | |
| 36 | 2162 | 20.12.2022 | 2625 | 65.5 | 65.5 | 2756 | 2756 | |
| 37 | 2189 | 28.01.2023 | 68880 | 1722 | 1722 | 72324 | 72324 | |
| 38 | 2190 | 28.01.2023 | 17060 | 426 | 426 | 17912 | 17912 | |
| 39 | 2224 | 27.02.2023 | 17280 | 432 | 432 | 18144 | 18144 | 187812 |
| 40 | 2225 | 27.02.2023 | 19200 | 480 | 480 | 20160 | 20160 | |
| 41 | 2226 | 27.02.2023 | 2925 | 73 | 73 | 3071 | 3071 | |
| 42 | 2259 | 22.03.2023 | 64890 | 1622 | 1622 | 68134 | 68134 | |
| 43 | 2260 | 22.03.2023 | 16800 | 420 | 420 | 17640 | 17640 | |
| 44 | 2261 | 22.03.2023 | 19200 | 480 | 480 | 20160 | 20160 | |
| 45 | 2262 | 22.03.2023 | 2250 | 56.25 | 56.25 | 2363 | 2363 | |
| 46 | 2223 | 27.02.2023 | 63420 | 1585.5 | 1585.5 | 66591 | 34297 | 34297 |

II) പ്രോജക്റ്റ് : അങ്കണവാടി അനുപൂരക പോഷകാഹാരം (എസ്.സി.) (02/23)

ഫണ്ട് :

വികസന ഫണ്ട് – എസ്.സി.പി.

അടങ്കൽ : 500000/-, ചെലവ് : 500000/-

(വൗച്ചർ നം. 42201481/തീ.25.10.2022 -111608/-,

വൗച്ചർ നം. 42201508/തീ.12.12.2022 -117832/-,

വൗച്ചർ നം. 42201572/തീ.28.01.2023 -149007/-,

വൗച്ചർ നം.42201573/തീ.28.01.2023-121553/-)

| ക്രമ നം | ഇൻവോയ്സ് നം. | തിയതി | നികുതി ഒഴികെയുള്ള തുക | CGST@ 2.5% | SGST @ 2.5% | നികുതി ഉൾപ്പെടെയുള്ള തുക | ബില്ലിൽ നിന്നും പാസ്സാക്കിയിട്ടുള്ള തുക | ബിൽ തുക |
|---|---|---|---|---|---|---|---|---|
| 1 | 2086 | 22.10.2022 | 63000 | 1575 | 1575 | 67094 | 66150 | 111608 |
| 2 | 2087 | 22.10.2022 | 19200 | 480 | 480 | 20286 | 20160 | |
| 3 | 2088 | 22.10.2022 | 20160 | 504 | 504 | 21300 | 21168 | |
| 4 | 2089 | 22.10.2022 | 600 | 15 | 15 | 634 | 630 | |
| 5 | 2123 | 21.11.2022 | 68250 | 1706 | 1706 | 71662 | 71662 | 117832 |
| 6 | 2124 | 21.11.2022 | 19840 | 496 | 496 | 20832 | 20832 | |
| 7 | 2125 | 21.11.2022 | 19200 | 480 | 480 | 17294 | 20160 | |
| 8 | 2126 | 21.11.2022 | 1950 | 48 | 48 | 2046 | 2046 | |
| 9 | 2159 | 20.12.2022 | 63000 | 1575 | 1575 | 66150 | 56872 | 121553 |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന ബില്ലുകളിൽ നിന്നും CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പറഞ്ഞ ബില്ലുകളിൽ നിന്നും 2% ജി.എസ്.ടി, ടി.ഡി.എസ് ആയി ഈടാക്കിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ ടി.ഡി.എസ് ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.16/21.10.2023)

## 1-24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രോജക്ട് നം / പേര് | 91/23- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| ഫണ്ട് -അടങ്കൽ/ ചെലവ് | വികസന ഫണ്ട് - 1034000 /954050<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 500000/450000<br>ജില്ലാ പഞ്ചായത്ത് വിഹിതം- 500000/190000<br>ആകെ- 2034000/1594050 |
| വൗച്ചർ നം/ തിയ്യതി-തുക | 42201456/31.08.2022- 582000,<br>42201551 / 11.01.2023- 318000,<br>42201694/ 28.03.2023 -54050 |

| | | |
|---|---|---|
| | | 42201654/ 17.03.2023 – 450000<br><br>42201605 / 24.02.2023 – 190000 |

1)സ്കോളർഷിപ്പ് -അധികം തുക നൽകി

A) സബ്സിഡി മാർഗ്ഗരേഖ സ.ഉ. കൈ 115/2022/ എൽ.എസ്.ജി.ഡി തി.28.05.22 ഖണ്ഡിക 7.1.6(ബി) യിൽ പറയുന്നതിനേക്കാൾ അധികം തുക സ്കോളർഷിപ്പ് ഇനത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് നൽകി. താഴെ പട്ടികയിൽ കൊടുത്തിട്ടുള്ള കുട്ടികൾക്ക് 28500/- രൂപ നല്കേണ്ടതിന് പകരം 29500/- രൂപ നല്കിയിട്ടുണ്ട്. 1000/- രൂപ കൂടുതൽ നല്കിയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

| ക്രമ നം | കുട്ടിയുടെ പേര് |
|---|---|
| 1 | രാജി എൻ. ഡി. |
| 2 | രാജു എൻ. ഡി. |
| 3 | വിഷ്ണു വി. കെ. |
| 4 | ഷിൻറ ജോസഫ് |
| 5 | നേഹ ടി. എൽ. |
| 6 | രാഹുൽ ഇ. ആർ. |
| 7 | അജിത്ത് പി. വി. |
| 8 | അമൽ സുനിൽ |
| 9 | അപർണ പി. |
| 10 | ജോസഫ് ആൽബർട്ട് |

B) സബ്സിഡി മാർഗ്ഗരേഖയിൽ പറയുന്നതിനേക്കാൾ കുറവ് തുക സ്കോളർഷിപ്പ് ഇനത്തിൽ മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കുട്ടിയുടെ പേര് | മാനസിക/ശാരീരിക വെല്ലുവിളി | നൽകേണ്ടത് | നൽകിയത് | കുറവ് നൽകിയത് |
|---|---|---|---|---|---|
| 1 | ആദിദേവ് | മാനസിക വെല്ലുവിളി | 28500 | 25500 | 3000 |
| 2 | ജോളി ടി ജെ | മാനസിക വെല്ലുവിളി | 28500 | 25500 | 3000 |

| | | | | | |
|---|---|---|---|---|---|
| 3 | അനശ്രീ എം എ | മാനസിക വെല്ലുവിളി | 28500 | 25500 | 3000 |
| 4 | അർജുൻ കെ സാബു | മാനസിക വെല്ലുവിളി | 28500 | 25600 | 2900 |
| 5 | ആഷ്മി എം എസ് | മാനസിക വെല്ലുവിളി | 28500 | 16500 | 12000 |
| 6 | ശിവദേവ് പി എസ് | മാനസിക വെല്ലുവിളി | 28500 | 25500 | 3000 |
| 7 | അജോ ജെയ്സൺ | മാനസിക വെല്ലുവിളി | 28500 | 25500 | 3000 |
| 8 | രഞ്ജിത്ത് കെ | മാനസിക വെല്ലുവിളി | 28500 | 26500 | 2000 |
| 9 | മീന കെ എം | മാനസിക വെല്ലുവിളി | 28500 | 25500 | 3000 |
| 10 | മുഹമ്മദ് അഫ്‌ലാൽ എൻ കെ | മാനസിക വെല്ലുവിളി | 28500 | 28100 | 400 |
| 11 | ഓസ്റ്റിൻ | മാനസിക വെല്ലുവിളി | 28500 | 25500 | 3000 |
| 12 | ബിന്റോ എ എസ് | മാനസിക വെല്ലുവിളി | 28500 | 25500 | 3000 |
| 13 | സിജോ ഫ്രാൻസിസ് | മാനസിക വെല്ലുവിളി | 28500 | 16500 | 12000 |
| 14 | ജുവൽ റോസ് | മാനസിക വെല്ലുവിളി | 28500 | 25500 | 3000 |
| 15 | അദ്നാൻ | മാനസിക വെല്ലുവിളി | 28500 | 25500 | 3000 |
| 16 | അതുൽ കൃഷ്ണ | മാനസിക വെല്ലുവിളി | 28500 | 25500 | 3000 |
| 17 | റിജോ എൻ എൻ | മാനസിക വെല്ലുവിളി | 28500 | 20500 | 8000 |

| | | | | | |
|---|---|---|---|---|---|
| 18 | അഖിലേഷ് | മാനസിക വെല്ലുവിളി | 28500 | 16500 | 12000 |
| 19 | ഹരിത | മാനസിക വെല്ലുവിളി | 28500 | 16500 | 12000 |
| 19 | ചാന്ദ്നി ചാക്കോ | ശാരീരിക വെല്ലുവിളി (ബിരുദാനന്തര ബിരുദം) | 11000 | 8500 | 2500 |
| 20 | കൈലാസ് പി ആർ | (7-ാം ക്ലാസ്സ്) | 5600 | 5100 | 500 |

ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അതത് മാസം നൽകണമെന്ന് സബ്സിഡി മാർഗ്ഗരേഖ സ.ഉ. കൈ 115/2022 /എൽ.എസ്.ജി.ഡി, തി.28.05.22 ഖണ്ഡിക 7.1.6(ഇ) യിൽ നിഷ്കർഷിക്കുന്നുണ്ട്.

അധികം നൽകിയ തുക തുടർവർഷത്തിൽ ക്രമീകരിക്കേണ്ടതാണ്. അർഹതപ്പെട്ട സ്കോളർഷിപ്പ് തുക മുഴുവനും നൽകുവാൻ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.17/25.10.2023)

## 1-25 കൈപ്പറ്റ് രസീത്, വിനിയോഗവിവരം എന്നിവ ലഭ്യമായിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ ഐ.കെ.എം, സാക്ഷരതമിഷൻ എന്നിവക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയ സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീത്, വിനിയോഗവിവരം എന്നിവ ലഭ്യമായിട്ടില്ല.

1.

| | |
|---|---|
| പ്രോജക്റ്റ് | S254/23 – IKM പ്രവർത്തനഫണ്ട് കുടിശ്ശിക നൽകൽ |
| ഫണ്ട് | വികസനഫണ്ട് -- പൊതുവിഭാഗം |
| അടങ്കൽ | 33037 |
| ചെലവ് | 33037 |
| വൗച്ചർ നം | 42201625/ 13/03/2023 |
| കൈപ്പറ്റിയ ഏജൻസി | എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം |

ഇൻഫർമേഷൻ കേരള മിഷന്റെ 06.01.2023 ലെ IKM/A7/1246/2022 നം. കത്തുപ്രകാരമാണ് തുക കൈമാറിയത്.

2.

| | |
|---|---|
| പ്രോജക്റ്റ് | S163/23 – IKM വിഹിതം നൽകൽ |
| ഫണ്ട് | വികസനഫണ്ട് -- പൊതുവിഭാഗം |
| അടങ്കൽ | 78413 |
| ചെലവ് | 78413 |
| വൗച്ചർ നം | 42201466/ 29/09/2022 |

| | |
|---|---|
| കൈപ്പറ്റിയ ഏജൻസി | എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം |

3.

| | |
|---|---|
| പ്രോജക്ട് | S077/23 – സാക്ഷരത |
| ഫണ്ട് | തനതുഫണ്ട് |
| അടങ്കൽ | 175000 |
| ചെലവ് | 49250 (44000 – സുലേഖ പ്രകാരം ) |
| വൗച്ചർ നം | 22201511/24.3.23 |
| കൈപ്പറ്റിയ ഏജൻസി | ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ |

മേൽ പ്രകാരം കൈമാറിയ തുകകളുടെ കൈപ്പറ്റ് രസീത്, വിനിയോഗവിവരം എന്നിവ ലഭ്യമാക്കുവാൻ വിവിധ സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് ഓഡിറ്റ് എൻക്വയറിക്ക് (8 /21-10-2023) മറുപടിയായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

സ്ഥാപനങ്ങളിൽ നിന്ന് കൈപ്പറ്റ് രസീത്, വിനിയോഗവിവരം എന്നിവ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-26 ഡെപ്പോസിറ്റ് പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കി ഫൈനൽ ബിൽ, ധനവിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതി | വൗച്ചർ നം., തുക | കൈപ്പറ്റിയ ഏജൻസി |
|---|---|---|---|
| 1 | S205/23-- കുണ്ടിലങ്ങാടി കുടിവെള്ള പദ്ധതി അധികതുക ഡെപ്പോസിറ്റ് | XVFC/2022-23 /P/25/30.11.2022— 400000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഎച്ച് ഡിവിഷൻ, കേരളവാട്ടർ അതോറിറ്റി, തൃശ്ശൂർ |
| 2 | S230/23 – പുലിയന്നൂർ കോളനി കുറുവക്കാട്ട് ഞാലിൽ സമഗ്രവികസനം | 42201692/15.2.23— 71134 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, കേച്ചേരി |
| 3 | S153/23 – ഇലക്ട്രിക് പോസ്റ്റ് മാറ്റലും നിലവിലുള്ള ലൈൻ ത്രീ ഫേസ് ആക്കലും | 42201448/26.8.22 -- 41903 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, കേച്ചേരി |
| 4 | S153/23 – | 42201468/30.9.22--73438 | അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | ഇലക്ട്രിക് പോസ്റ്റ് മാറ്റലും നിലവിലുള്ള ലൈൻ ത്രീ ഫേസ് ആക്കലും | | എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, കേച്ചേരി |
| 5 | S153/23 – ഇലക്ട്രിക് പോസ്റ്റ് മാറ്റലും നിലവിലുള്ള ലൈൻ ത്രീ ഫേസ് ആക്കലും | 42201601/21.2.23-- 34940 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, മുണ്ടൂർ |
| 6 | S153/23 – ഇലക്ട്രിക് പോസ്റ്റ് മാറ്റലും നിലവിലുള്ള ലൈൻ ത്രീ ഫേസ് ആക്കലും | 42201634 /15.3.23 – 22362 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, കേച്ചേരി |
| 7 | S153/23 – ഇലക്ട്രിക് പോസ്റ്റ് മാറ്റലും നിലവിലുള്ള ലൈൻ ത്രീ ഫേസ് ആക്കലും | 42201668/21.3.23 -- 7676 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, കേച്ചേരി |
| 8 | S153/23 – ഇലക്ട്രിക് പോസ്റ്റ് മാറ്റലും നിലവിലുള്ള ലൈൻ ത്രീ ഫേസ് ആക്കലും | 42201680/23.3.23-- 30893 (കോട്ടപ്പുറം കുടിവെള്ള പദ്ധതി) | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, കുണ്ടന്നൂർ |
| 9 | S153/23 – ഇലക്ട്രിക് പോസ്റ്റ് മാറ്റലും നിലവിലുള്ള ലൈൻ ത്രീ ഫേസ് ആക്കലും | 42201693/28.3.23 -- 9265 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, കുണ്ടന്നൂർ |
| 10 | S151/23 – സ്ട്രീറ്റ് ലൈൻ നീട്ടൽ | 42201602/21.2.13-- 101480 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, കുണ്ടന്നൂർ |
| 11 | S151/23 – സ്ട്രീറ്റ് ലൈൻ നീട്ടൽ | 42201658/18.3.23 -- 185968 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, |

| | | | |
|---|---|---|---|
| | | | ഇലക്ട്രിക്കൽ സെക്ഷൻ, മുണ്ടൂർ |

